# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ചേർത്തല താലൂക്കിലെ നികർത്തിൽ വീട്ടിൽ വിനോദിന്റെ മകൾ വിസ്മയയുടെ വിവാഹത്തിന് ജില്ലാ കളക്ടറുടെ പേരിലുള്ള അക്ഷയനിധി ലോട്ടറി ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയ 25,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചും പ്രസ്തുത തുക അനുവദിച്ച് നൽകിയ ആലപ്പുഴ ജില്ലാകളക്ടറുടെ നടപടി സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **4624/2021/റവ.** തിരുവനന്തപുരം, തീയതി, 20.12.2021.

==================================================================

പരാമർശം:- ആലപ്പുഴ ജില്ലാകളക്ടറുടെ 01.09.2021-ലെ എൻ-5-31105/2013 നമ്പർ കത്ത്.

## ഉത്തരവ്

ചേർത്തല താലൂക്കിലെ നികർത്തിൽ വീട്ടിൽ വിനോദ് 2007-ലെ ഒരു അപകടത്തെ തുടർന്ന് തളർന്ന് കിടപ്പിലാകുകയും തുടർന്ന് മുച്ചക്ര സൈക്കിളിൽ ലോട്ടറി വിറ്റ് ഉപജീവനം കഴിച്ചു വരികയാണ് എന്നും ഈ കാലമത്രയും ഇദ്ദേഹത്തെ ശുശ്രൂഷിക്കുകയും മുച്ചക്ര സൈക്കിളിൽ ലോട്ടറി വിൽക്കുന്നതിന് സഹായിക്കുകയും ചെയ്തിരുന്നത് ഇദ്ദേഹത്തിന്റെ മകൾ വിസ്മയ ആയിരുന്നു എന്നും വിസ്മയയുടെ വിവാഹത്തിന് അടിയന്തിരമായി 25,000/- രൂപ ധനസഹായം അനുവദിക്കുന്നതിന് ബഹു. മുഖ്യമന്ത്രി 18.08.2021-ന് നിർദ്ദേശം നൽകിയതനുസരിച്ച് ജില്ലാ കളക്ടറുടെ പേരിലുള്ള അക്ഷയ നിധി ലോട്ടറി ഫണ്ടിൽ നിന്നും 25,000/- രൂപ ശ്രീമതി. വിസ്മയയ്ക്ക് അനുവദിച്ചിരുന്നു എന്നും ടി തുക അനുവദിച്ച നടപടി സാധൂകരിച്ച് നൽകണമെന്നും അക്ഷയനിധി ലോട്ടറി ഫണ്ടിലേയ്ക്ക് തുക തിരികെ അടവാക്കുന്നതിലേയ്ക്കായി ടി 25,000/- രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകണം എന്നും ആലപ്പുഴ ജില്ലാ കളക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ നികർത്തിൽ വീട്ടിൽ വിനോദിന്റെ മകൾ വിസ്മയയുടെ വിവാഹത്തിന് ജില്ലാ കളക്ടറുടെ പേരിലുള്ള അക്ഷയനിധി ലോട്ടറി ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയ 25,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചും പ്രസ്തുത തുക അനുവദിച്ച് നൽകിയ ആലപ്പുഴ ജില്ലാകളക്ടറുടെ നടപടി സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

...2/-

3. വിതരണത്തിനാവശ്യമായി വരുന്ന 25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) രൂപ **"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ ടി തുക ജില്ലാ കളക്ടറുടെ പേരിലുള്ള അക്ഷയ നിധി ലോട്ടറി ഫണ്ടിലേയ്ക്ക് തിരിച്ച് അടക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല. എം.,
ഡെപ്യൂട്ടി സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
ധനകാര്യ ഫണ്ട്സ് വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി ) വകുപ്പുകൾക്ക്

13